32567

കേരള സർക്കാർ

സംഗ്രഹം

19 NOV 2016

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - ജില്ലാ സഹകരണ ബാങ്കിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിന് ഡി.ടി.പി.ഒ. (ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ) ട്രേഡിലെ എൻ.ടി.സി. യോഗ്യത തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (കൈ) നം. 182/2016/തൊഴിൽ തിരുവനന്തപുരം, തീയതി : 17.11.2016.

---

പരാമർശം - 1. ശ്രീമതി. ശ്രീലത.ഒ, ചിറയ്ക്കൽ, കണിയാപുരത്തിന്റെ 11.11.2016-ലെ നിവേദനം.
2. ട്രെയിനിംഗ് ഡയറക്ടറുടെ 14.11.2016-ലെ എഫ് 1/30733/2016 നമ്പർ കത്ത്

## ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 269/13 കാറ്റഗറി നമ്പറിൽ ഉൾപ്പെടുത്തി ജില്ലാ സഹകരണ ബാങ്കിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിനായി ആവശ്യപ്പെട്ടിട്ടുള്ള യോഗ്യതകളിൽ കേന്ദ്ര/സംസ്ഥാന അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡേറ്റാ എൻട്രി ഓപ്പറേഷനിൽ നേടിയിട്ടുള്ള സർട്ടിഫിക്കറ്റ് എന്ന് പരാമർശിച്ചിട്ടുണ്ട്. ഡി.ടി.പി.ഒ.(ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ) ട്രേഡിലെ എൻ.ടി.സി. യോഗ്യതയെ ഡേറ്റാ എൻട്രി ഓപ്പറേഷന്റെ തത്തുല്യ യോഗ്യതയായി അംഗീകരിച്ച് തുല്യതാ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരാമർശം 1 ലെ നിവേദനം മുഖേന ശ്രീമതി. ശ്രീലത അഭ്യർത്ഥിക്കുകയുണ്ടായി.

2) ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ ട്രേഡുകളുടെ സിലബസുകൾ താരതമ്യം ചെയ്തതിൽ ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ ട്രേഡിന്റെ പരിശീലന കാലാവധി ഒരു വർഷവും, ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡിന്റെ പരിശീലന കാലാവധി 6 മാസവുമാണ് എന്നും പരിശീലന ഫലമായി ആർജിക്കുന്ന നൈപുണ്യങ്ങൾ രണ്ട് ട്രേഡിലും ഒരു പോലെ ആയതിനാലും ഡി.ടി.പി.ഒ. ട്രേഡിൽ ആറുമാസത്തിനു പകരം ഒരു വർഷം പരിശീലന കാലാവധി ലഭ്യമായതിനാലും ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ ട്രേഡിലുള്ള ട്രേഡ് സർട്ടിഫിക്കറ്റ് ഡി.ഇ.ഒ തസ്തികയിലേയ്ക്ക് ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡ് സർട്ടിഫിക്കറ്റിന് സമാനമായി പരിഗണിക്കാവുന്നതാണ് എന്നും ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് ജില്ലാ സഹകരണ ബാങ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുള്ള യോഗ്യതകളിൽ കേന്ദ്ര/സംസ്ഥാന

അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡേറ്റാ എൻട്രി ഓപ്പറേഷനിൽ നേടിയിട്ടുള്ള സർട്ടിഫിക്കറ്റ് എന്നതിന് തത്തുല്യമായി ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ ട്രേഡിലെ എൻ.ടി.സി. യോഗ്യത പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.,
അണ്ടർ സെക്രട്ടറി.

ശ്രീമതി. ശ്രീലത.ഒ., ചിറയ്ക്കൽ, മണക്കാട്ടുവിളാകം, ചിറ്റാറ്റുമുക്ക്.പി.ഒ., കണിയാപുരം, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

2